ങ്ങളിലെയും പ്രാഥമിക ആഡിറ്റ് ഒരുമിച്ച് തന്നെ നടത്തുവാൻ നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അനുവദിച്ച കാലയളവിൽ തന്നെ സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് പൂർത്തീകരിക്കാൻ സ്റ്റാറ്റ്യൂട്ടറി ആഡിറ്റർമാരെ പ്രേരിപ്പിക്കുവാനും ആഡിറ്റ് എത്രയുംപെട്ടെന്ന് പൂർത്തീകരിക്കാൻവേണ്ട സഹായ സഹകരണങ്ങൾ ചെയ്തുകൊടുക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കുടിശ്ശിക തീർക്കുവാനുള്ള ഒരു ആക്ഷൻ പ്ളാൻ അക്കൗണ്ടന്റ് ജനറലിന് അയച്ചുകൊടുക്കുകയാണെങ്കിൽ സപ്ളിമെന്ററി ആഡിറ്റ് കാലതാമസം കൂടാതെ നടത്താമെന്ന് അക്കൗണ്ടന്റ് ജനറലിന്റെ ഉറപ്പും നേടിയിട്ടുണ്ട്.

പുതിയ ടെക്സ്റ്റൈൽ വ്യവസായ പദ്ധതികൾ

15 (2812) ശ്രീ. കെ.എം. മാണി :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി.എഫ്. തോമസ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി ടെക്സ്റ്റൈൽ വ്യവസായ പദ്ധതികൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ :

(ബി) എങ്കിൽ ഇതു സംബന്ധിച്ച് നടത്തിയ പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കുമോ :

(സി) കൈത്തറിത്തുണി ശേഖരിക്കുന്നതിന് ഹാൻടെക്സ് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതുമൂലം നെയ്ത്തുകാർ പ്രതിസന്ധിയെ നേരിടുകയാണെന്ന വസ്തുത ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതൊഴിവാക്കുന്നതിന് എന്ത് നടപടികൾ സ്വീകരിച്ചു എന്നറിയിക്കുമോ :

(ഇ) പ്രോഡക്ട് പാക്കേജ് പദ്ധതികൾക്കുവേണ്ടി നീക്കിവെച്ചിരുന്ന തുക വകമാറ്റി ചെലവഴിക്കാനിടയായിട്ടുണ്ടോയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. ടെക്സ്റ്റൈൽ വ്യവസായ നവീകരണത്തിനായി 100 കോടി രൂപ ചിലവഴിച്ച് കേന്ദ്രത്തിലെ നവീകരണ സബ്സിഡിയും ഉപയോഗിച്ചുകൊണ്ട് എല്ലാ പൊതുമേഖല സഹകരണമേഖല സ്പിന്നിംഗ് മില്ലുകളുടെയും പുനരുദ്ധാരണം ഇക്കൊല്ലം തന്നെ തുടങ്ങുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കോഴിക്കോടും വയനാടും പദ്ധതിയ്ക്ക് ആവശ്യമുള്ള സ്ഥലം വാങ്ങികഴിഞ്ഞു. വയനാട്ടിൽ വയനാട് പവർലൂ ആന്റ് മൾട്ടിപർപ്പസ് സഹകരണസംഘം മുഖാന്തിരവും കോഴിക്കോട് കാലിക്കറ്റ് ഇന്റഗ്രേറ്റഡ് പവർലൂം സഹകരണ സംഘം വഴിയുമാണ് പദ്ധതികൾ നടപ്പിലാക്കുക. വയനാട് 1300 ഓളം ചതുരശ്ര അടിയുള്ള ഷെഡ്പണിത് 20 പേരടങ്ങുന്ന ആദ്യത്തെ ബാച്ചിന് 23-5-1999 മുതൽ പരിശീലനം നൽകി വരുന്നു. കോഴിക്കോട് സിറ്റ്റാ (സൗത്ത് ഇന്ത്യ ടെക്സ്റ്റൈൽ റിസർച്ച് അസോസിയേഷൻ) യുടെ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ പ്രാരംഭഘട്ട ജോലികൾ ആരംഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(സി)&(ഡി) തുണി സംഭരണത്തിൽ ഹാന്റ്ക്സ് നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല. ഗുണമേന്മയുള്ള തുണി സംഭരിക്കുകയെന്നതാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ള നയം. ആവശ്യാധിഷ്ഠിത ഉല്പാദനത്തിന്റെ ഭാഗമായി പ്രാഥമിക സംഘങ്ങൾക്ക് ഇൻഡന്റു നൽകിയാണ് ഉല്പാദന സംഭരണം നടത്തുന്നത്.

(ഇ) പ്രോജക്ട് പാക്കേജ് പദ്ധതി പ്രകാരം പ്രാഥമിക സംഘങ്ങൾക്ക് അനുവദിച്ച തുക വക മാറ്റി ചെലവഴിച്ചിട്ടില്ല.

വ്യവസായ വികസനത്തിനുള്ള കേന്ദ്ര വിഹിതം

16(2813) ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളത്തിന്റെ വ്യവസായ വികസനത്തിനുവേണ്ടി ഓരോ വർഷവും കേന്ദ്രവിഹിതമായി എന്തു തുക ലഭിച്ചു എന്നു വ്യക്തമാക്കുമോ;

(ബി) ഈ തുക ഏതൊക്കെ മേഖലകൾക്കുവേണ്ടി ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി)വിവരം ശേഖരിച്ചു വരുന്നു.

ഏലൂരിലെ ടി.സി.സി.

17 (2814)ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ ഏലൂരിലെ ടി. ബി.സി. യുടെ 1996-97, 1997-98, 1998-99 വർഷത്തെ ലാഭനഷ്ട കണക്ക് വ്യക്തമാക്കുമോ;

(ബി) ടി.സി.സി. ഇന്നു നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വൈദ്യുതി ചാർജ് വർദ്ധനവ് പ്രതികൂലമായി ബാധിക്കുന്നതു കൊണ്ട് ടി.സി.സി.യെ രക്ഷിക്കുവാൻ എന്തു നടപടിയാണ്. സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ഡി) ഈ സ്ഥാപനത്തിന്റെ ഇന്നത്തെ സ്ഥിതി മെച്ചപ്പെടുത്തുന്നതിന് സർക്കാരിന്റെ കോർപ്പസ് ഫണ്ടിൽനിന്നും സാമ്പത്തികസഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ എത്ര കോടി രൂപയാണ് നൽകാനുദ്ദേശിക്കുന്നത്.

(എഫ്) ടി.സി.സി.യുടെ ഉൽപ്പാദനരംഗത്ത് എന്തെല്ലാം മാറ്റങ്ങളാണ് വരുത്തുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1996-97 - ലാഭം 81 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly